3230
23/2/21

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**
**(സംഗ്രഹം )**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ ലോ കോളേജുകൾ - ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനക്കനുസൃതമായി സർക്കാർ ലോ കോളേജുകളിൽ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി.യുടെ അഞ്ച് പുതിയ അധിക ബാച്ചുകൾ ആരംഭിച്ച നടപടി സാധൂകരിച്ചും പ്രസ്തുത കോളേജുകളിൽ 13 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.90/2021/ഉ.വി.വ.** **തീയതി, തിരുവനന്തപുരം, 13/02/2021**

---

പരാമർശം :-1. ബാർ കൗൺസിൽ ഓഫ് ഇന്ത്യ സെക്രട്ടറിയുടെ 14.06.2020-ലെ BCI: D1410/2020 നമ്പർ കത്ത്.
2. ജി.ഒ (എം.എസ്) നം.303/2020/ഉ.വി.വ തീയതി 26.08.2020.

**ഉത്തരവ്**

സർക്കാർ ലോ കോളേജുകളിലെ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ എണ്ണം ഓരോ ബാച്ചിലും 60 ആയി നിജപ്പെടുത്തിയും ചുവടെ ചേർക്കുന്ന അഞ്ച് പുതിയ അധിക ബാച്ചുകൾ അനുവദിച്ചും പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1) ഗവ.ലോ കോളേജ്, തിരുവനന്തപുരം - പഞ്ച വത്സര BA(English Literature) LL.B യുടെ ഒരു ബാച്ച്
2) ഗവ.ലോ കോളേജ്, എറണാകുളം - ത്രിവത്സര എൽ.എൽ.ബിയുടെ ഒരു ബാച്ച്
3) ഗവ.ലോ കോളേജ്, തൃശ്ശൂർ - ത്രിവത്സര എൽ.എൽ.ബിയുടെ ഒരു ബാച്ച്
4) ഗവ.ലോ കോളേജ്, കോഴിക്കോട് - ത്രിവത്സര എൽ.എൽ.ബിയുടെ ഒരു ബാച്ചും പഞ്ചവത്സര BBA LLB യുടെ ഒരു ബാച്ചും.

2. മേൽപറഞ്ഞ നാല് സർക്കാർ ലോ കോളേജുകളിൽ അഞ്ച് പുതിയ അധിക ബാച്ചുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ബന്ധപ്പെട്ട ലോ കോളേജ് പ്രിൻസിപ്പൽമാർ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനക്കനുസൃതമായി സർക്കാർ ലോ കോളേജുകളിൽ ത്രിവത്സര/പഞ്ച വത്സര എൽ.എൽ.ബിയുടെ അഞ്ച് പുതിയ അധിക ബാച്ചുകൾ ആരംഭിച്ച നടപടി സാധൂകരിക്കുന്നതോടൊപ്പം പ്രസ്തുത ലോ കോളേജുകളിൽ താഴെപ്പറയുന്ന 13 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു

P.T.O

| നം | കോളേജിന്റെ പേര് | തസ്തികയുടെ പേര് | പുതുതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | ഗവ.ലോ കോളേജ് തിരുവനന്തപുരം | അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ | 1 |
| 2 | ഗവ.ലോ കോളേജ് തിരുവനന്തപുരം | അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് | 1 |
| 3 | ഗവ.ലോ കോളേജ് എറണാകുളം | അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ | 2 |
| 4 | ഗവ.ലോ കോളേജ് എറണാകുളം | അസിസ്റ്റന്റ് പ്രൊഫസർ ഇൻ കോമേഴ്സ് | 1 |
| 5 | ഗവ.ലോ കോളേജ് തൃശ്ശൂർ | അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ | 4 |
| 6 | ഗവ.ലോ കോളേജ് കോഴിക്കോട് | അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ | 1 |
| 7 | ഗവ.ലോ കോളേജ് കോഴിക്കോട് | അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാനേജ്മെന്റ് | 3 |

അധിക ബാച്ചുകൾ അനുവദിച്ചതിനെ തുടർന്ന് കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ നാല് അതിഥി അധ്യാപകരെ (ലോ-2, മനേജ്മെന്റ് -1, ഇംഗ്ലീഷ്-1) നിയമിക്കുന്നതിനുള്ള അനുമതി നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.വേണു വി ഐഎഎസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ഗവ.ലോ കോളേജ്, തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ((എ & ഇ), നാഗമ്പടം, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (10.02.2021 ലെ ഇനം നം.4624 പ്രകാരം)
ധനകാര്യ വകുപ്പ് (ധനകാര്യ(എഡ്യു-സി) വകുപ്പിന്റെ U.O(F) നം.1553713/EDN-C2/300/2020-FIN തീയതി 27.01.2021)
ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-02-2021**

ഫയൽ നം.സി1/112/2020/ഉ.വി.വ. ഇനം നം: 4624

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ ലോ കോളേജുകളിൽ അഞ്ച് പുതിയ അധിക ബാച്ചുകൾ ആരംഭിച്ച നടപടി സാധൂകരിക്കുന്നതിനും പ്രസ്തുത കോളേജുകളിൽ 13 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം - 1) സാധൂകരിച്ചു, 2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Additional Chief Secretary ★ ... Department
11/2/2021

# കേരള സർക്കാർ
# (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുളള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി1/112/2020/HEdn. |
| 2 | വകുപ്പ് | : : | ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | : | ഉന്നത വിദ്യാഭ്യാസം - സർക്കാർ ലോ കോളേജുകളിൽ അഞ്ച് പുതിയ അധികബാച്ചുകൾ ആരംഭിച്ച നടപടി സാധൂകരിക്കുന്നതിനും പ്രസ്തുത കോളേജുകളിൽ 13 അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 26.08.2020 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുളളതാണോ | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധന വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.വേണു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 04/02/21 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 08/02/21 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 09/02/21 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി. | : | 09/02/21 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 10/02/21 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. . | : | സ.ഉ.(കൈ) നം.90/2021/ഉ.വി.വ തീയതി 13/02/2021 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സംസ്ഥാനത്തെ നാല് സർക്കാർ ലോ കോളേജുകളിൽ ത്രിവത്സര പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളുടെ അധിക ബാച്ചുകൾ അനുവദിച്ചത് സാധൂകരിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം. ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസ് 2008 പ്രകാരം 2009-10 അക്കാദമിക വർഷം മുതൽ മേൽ സൂചിപ്പിച്ച കോഴ്സുകളിലെ വിദ്യാർത്ഥികളുടെ എണ്ണം 60 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാലാണ് പ്രസ്തുത കോളേജുകളിൽ അധിക ബാച്ച് അനുവദിക്കേണ്ടി വന്നത്.

2. സർക്കാർ ലോ കോളേജുകളിൽ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന് 80 വിദ്യാർത്ഥികളും ത്രിവത്സര എൽ.എൽ.ബി കോഴ്സിന് 100 വിദ്യാർത്ഥികളെയുമാണ് ഒരു ബാച്ചിൽ പ്രവേശിപ്പിച്ചിരുന്നത്. എന്നാൽ, സർക്കാർ ലോ കോളേജ് പ്രിൻസിപ്പൽമാർക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യ ഇപ്പോൾ നൽകിയിട്ടുള്ള കർശന നിർദ്ദേശം പഞ്ചവത്സര ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലെ ഓരോ ബാച്ചിലെയും വിദ്യാർത്ഥികളുടെ എണ്ണം 60 ആയി നിലനിർത്തണമെന്നാണ്. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ലീഗൽ എഡ്യൂക്കേഷൻ റൂൾസ് അനുസരിച്ച് എൽ.എൽ.ബി സീറ്റുകളുടെ എണ്ണം 60 ആയി പരിമിതപ്പെടുത്തുമ്പോൾ ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ ഓരോ ബാച്ചിലും 40 സീറ്റുകളുടെയും പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലെ ഓരോ ബാച്ചിലും 20 സീറ്റുകളുടെയും കുറവുണ്ടാകും. ഇത് അനവധി വിദ്യാർത്ഥികൾക്ക് സർക്കാർ ലോ കോളേജുകളിൽ പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നതിനിടയാക്കും എന്ന് കാണിച്ച് ധാരാളം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

3.സർക്കാർ ലോ കോളേജുകളിലെ എൽ.എൽ.ബി വിദ്യാർത്ഥികളുടെ എണ്ണം നിലനിർത്തുന്നതിനായി പ്രസ്തുത കോളേജുകളിൽ ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ മൂന്ന് ബാച്ചുകളും പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന്റെ രണ്ട് ബാച്ചുകളും ഈ അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിരുന്നു. തുടർന്ന്, നാല് സർക്കാർ ലോ കോളേജുകളിലെയും പ്രിൻസിപ്പൽമാർ പുതിയ ബാച്ചുകൾ ആരംഭിക്കുന്നതിന് ആവശ്യമായ അദ്ധ്യാപക തസ്തികകൾ, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക ബാധ്യത എന്നിവ സംബന്ധിച്ച ശിപാർശകൾ ലഭ്യമാക്കിയിരുന്നു.

4. സർക്കാർ ലോ കോളേജുകളിൽ പുതിയതായി ആരംഭിക്കേണ്ട അധിക ബാച്ചുകളുടെ ഏറ്റവും കുറഞ്ഞ ആവശ്യങ്ങളും ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസ് 2008-ന്റെ Schedule III clause 17-ൽ നിഷ്കർഷിച്ചിട്ടുള്ള ഫുൾടൈം അധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകതയും അടിസ്ഥാനമാക്കി പ്രസ്തുത ശിപാർശകൾ സൂക്ഷ്മമായി പരിശോധിച്ചു. പ്രസ്തുത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | കോളേജിന്റെ പേര് | അനുവദിച്ച കോഴ്സിന്റെ പേര്, എണ്ണം | ആവശ്യമായ അധിക തസ്തികകളുടെ എണ്ണം | ഒരു വർഷത്തെ അധിക സാമ്പത്തിക ബാധ്യത (രൂപയിൽ) Approx. |
|---|---|---|---|---|
| 1 | ഗവ.ലോ കോളേജ്, തിരുവനന്തപുരം. | 5 year BA LLB English Literature Course -1 | Assistant Professor in Law-1<br>Assistant Professor in English -1 | 14,30,880/- |
| 2 | ഗവ.ലോ കോളേജ്, എറണാകുളം | 3 year LL.B Course-1 | Assistant Professor in Law -2<br>Assistant Professor in Commerce-1 | 18,00,000/- |
| 3 | ഗവ.ലോ കോളേജ്, തൃശ്ശൂർ | 3 year LL.B Course-1 | Assistant Professor in Law – 4 | 26,64,000/- |
| 4 | ഗവ.ലോ കോളേജ്, കോഴിക്കോട് | 3 year LL.B Course – 1<br>5 Year BBA LL.B Course -1 | Assistant Professor in Law – 1<br>Assistant Professor in Management - 3<br>Guest faculty - 4<br>(Law-2 ,Management -1 and English-1) | 26,60,064<br>+14,00,000 |
| **Total** | | | 13 Permanent faculties and 4 Guest faculties | **99,54,944** |

**സർക്കാർ ലോ കോളേജുകളുടെ വർക്ക് ലോഡ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| Name of College | Subject | Existing workload (in hours per week) | Revised workload on sanctioning additional batches (in hours per week) | No. of additional Posts required on sanctioning additional batches |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| Govt. Law College Thiruvananthapuram | Law | 283 | 1 year – 293<br>II Year – 303<br>III Year – 323<br>IV Year – 363<br>V Year – 379 | 1 year – 1<br>II Year – 1<br>III Year – 1<br>IV Year – 3<br>V Year – 1<br>Total - 7 |
| | English | 1 year – 20<br>II Year – 20<br>III Year – 20<br>IV Year – 20<br>V Year - 20 | 1 year – 30<br>II Year – 35<br>III Year –40<br>IV Year –40<br>V Year -40 | 1 year – 1<br>II Year – Nil<br>III Year – 1<br>IV Year – Nil<br>V Year – Nil<br>Total - 2 |
| | Commerce | N.A | N.A | N.A |
| | Management | N.A | N.A | N.A |

| Name of College | Subject | Existing workload (in hours per week) | Revised Workload on sanctioning additional batches (in hours per week) | No. of additional Posts required on sanctioning additional batches |
|---|---|---|---|---|
| Govt. Law College, Ernakulam | Law | 321 | 1st Year -346 | 1st year -5 |
| | | | 2nd year - 381 | 2nd year -2 |
| | | | 3rd Year -416 | 3rd year -3 |
| | | | | Total -10 |
| | English (Guest) | 12 | Nil | |
| | Commerce (Guest) | 42 | Nil | |
| | Language Malayalam / Hindi (Guest) | 12 | Nil | |

| Name of College | Subject | Existing workload (in hours per week) | Revised workload on sanctioning additional batches (in hours per week) | No. of additional Posts required on sanctioning additional batches |
|---|---|---|---|---|
| Govt.Law College, Thrissur | Law | 286 | 1st year -316 | 1st year -2 |
| | | | 2nd year -323 | 2nd year -2 |
| | | | 3rd Year -323 | 3rd year -2 |
| | | | | Total -6 |
| | English | 6 | - | Nil |
| | Commerce | - | - | - |
| | Management | 54 | Nil | Nil |

| Name of College | Years | Subject | Existing workload (in hours per week) | Revised workload on sanctioning additional batches (in hours per week) | No. of additional Posts required on sanctioning additional batches |
|---|---|---|---|---|---|
| | | Law | | | |
| Govt.Law College, Kozhikode | Year 1 | | 268 | 303 | 2 |
| | Year 2 | | | 327 | 2 |
| | Year 3 | | | 396 | 4 |
| | Year 4 | | | 433 | 3 |
| | Year 5 | | | 470 | 2 |
| | | | | | Total -13 |
| | | Management | | | |
| | Year 1 | | 50 | 65 | 4 |
| | Year 2 | | | 73 | - |
| | Year 3 | | | 88 | 1 |
| | Year 4 | | | 95 | - |

| | | | | | |
|---|---|---|---|---|---|
| | Year 5 | | | 104 | 1 |
| | | | | | |
| | | | | | Total -6 |
| | | English | | | |
| | Year 1-5 | | 10 | 10 | 0 |
| | Year 2 | | | 10 | |
| | Year 3 | | | 10 | |
| | Year 4 | | | 10 | |
| | Year 5 | | | 10 | |
| | | | | | |
| | | | | | Total - 19 |

5. മേൽ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും പ്രസ്തുത വകുപ്പ് ഭരണവകുപ്പിന്റെ ഈ ശിപാർശ അംഗീകരിക്കുകയും ചെയ്തു. ധനകാര്യ വകുപ്പിന്റെ റിമാർക്സ് ചുവടെ ചേർക്കുന്നു.

"Administrative Department is informed that Finance agrees to the proposal of AD for sanctioning five additional law batches in the four Government Law colleges of the State."

This has the approval of Hon'ble Minister for Finance".

6. ഈ വിഷയത്തിന്റെ അടിയന്തിര സാഹചര്യം പരിഗണിച്ച് ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം സർക്കാർ ലോ കോളേജുകളിൽ അഞ്ച് പുതിയ അധിക ബാച്ചുകൾ തുടങ്ങുന്നതിന് 26.08.2020-ലെ ജി.ഒ (എം.എസ്) നം.303/2020/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

7. ധനകാര്യ വകുപ്പ് അംഗീകരിച്ച ഭരണ വകുപ്പിന്റെ ശിപാർശയിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ഉൾപ്പെട്ടിരുന്നെങ്കിലും ആയത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിന് ഫയൽ വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കുന്ന റിമാർക്സ് ആണ് ആ വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്.

"Attention of Administrative Department is invited to the remarks of Finance Department dated 19-08-2020 and is informed that the concurrence already given vide the above remarks included the sanction for additional faculty as proposed by Administrative Department (13 permanent faculties and 4 guest faculties).

This has the approval of Hon'ble Minister for Finance."

8.സർക്കാർ ലോ കോളേജുകളിൽ അധിക ബാച്ചുകൾ അനുവദിച്ച ഉത്തരവിന് സാധൂകരണം നൽകുന്നതും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ബഹു മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ , 26.08.2020-ലെ സ.ഉ.(എം.എസ്) നം. 303/2020/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ലോ കോളേജുകളിൽ 5 അധിക ബാച്ചുകൾ അനുവദിച്ച നടപടി സാധൂകരിക്കേണ്ടതും പുതുതായി 8 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ തസ്തികയും , 1 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് ,1 അസിസ്റ്റന്റ് പ്രൊഫസർ ഇൻ കോമേഴ്സ് തസ്തികയും 3 അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാനേജ്മെന്റ് തസ്തികയും 4 ഗസ്റ്റ് അധ്യാപക തസ്തികകളും അനുവദിക്കുന്നതിന് മന്ത്രിസഭാ യോഗത്തിന്റെ അനുമതി തേടേണ്ടതായിട്ടുണ്ട് .

## തീരുമാനിക്കേണ്ട വിഷയം

1) സർക്കാർ ലോ കോളേജുകളിൽ 26.08.2020-ലെ ജി.ഒ(എം.എസ്) നം.303/2020/ഉ.വി.വ ഉത്തരവ് പ്രകാരം അഞ്ച് പുതിയ അധിക ബാച്ചുകൾ ആരംഭിച്ച നടപടി സാധൂകരിക്കാമോ ?

2) അഞ്ച് പുതിയ അധിക ബാച്ചുകൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ലോ കോളേജുകളിൽ താഴെപ്പറയുന്ന അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാമോ ?

| | |
|---|---|
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ ഗവ. ലോ കോളേജ് ,തിരുവനന്തപുരം | - 1 |
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ ഗവ. ലോ കോളേജ് , എറണാകുളം | - 2 |
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ ഗവ. ലോ കോളേജ് ,തൃശ്ശൂർ | - 4 |
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ ലോ ഗവ. ലോ കോളേജ്, കോഴിക്കോട് | - 1 |
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഇംഗ്ലീഷ് ,ഗവ. ലോ കോളേജ് , തിരുവനന്തപുരം | - 1 |
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ കോമേഴ്സ് ,ഗവ. ലോ കോളേജ് , എറണാകുളം | - 1 |
| അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാനേജ്മെന്റ്,ഗവ. ലോ കോളേജ്, കോഴിക്കോട് | - 3 |
| അതിഥി അധ്യാപകർ ,ഗവ. ലോ കോളേജ്, കോഴിക്കോട് | -4 |

(ലോ -2, മാനേജ്മെന്റ് -1 ,ഇംഗ്ലീഷ് -1)

GOVERNMENT OF KERALA

**Abstract**

Higher Education Department-Government Law Colleges- Starting of Additional Batches in Government Law Colleges in compliance with Bar Council of India, Rules of Legal Education 2008 -Sanctioned- Orders issued.

**HIGHER EDUCATION (C) DEPARTMENT**

**G.O.(Ms)No.303/2020/HEDN** Dated,Thiruvananthapuram, 26/08/2020

Read Letter No.BCI:D:1410/2020 dated 14.06.2020 from the Secretary, Bar Council of India

**ORDER**

In compliance of the Rules of Legal Education, 2008 as proposed in the letter from the Secretary, Bar Council of India read above and also to maintain the present intake of students in four Government Colleges of the State, Government are pleased to sanction additional batches for LL.B courses in Government Law Colleges from the academic year 2020-21 onwards with a student intake of 60 per batch, as given below:

1.Government Law College, Thiruvananthapuram- One batch of Five year BA LL.B (English Literature) Course.
2.Government Law College, Ernakulam- One batch of Three year LL.B Course.
3.Government Law College, Thrissur - One batch of Three year LL.B Course.
4.Government Law College, Kozhikode - One batch of Three year LL.B Course and One batch of Five Year BBA LL.B Course.

(By order of the Governor)
**VIJAYAKUMAR.R**
**ADDITIONAL SECRETARY**

To:
The Commissioner for Entrance Examinations, Thiruvananthapuram
The Registrar, University of Kerala/Mahatma Gandhi University/University of Calicut
The Secretary, Bar Council of India, Rouse Avenue Institutional Area, New Delhi - 110002
The Principal, Government Law College, Thiruvananthapuram/Ernakulam /Thrissur/Kozhikode
Finance Department(1553713/EDN-C2/300/2020-Fin dated 19/08/2020)
I&PR (Web & New Media)

www.highereducation.kerala.gov.in
Stock file /Office copy

Forwarded /By order

Section Officer

Copy to : The PS to Hon'ble Chief Minister
The PS to Hon'ble Minister for Higher Education &Minority Welfare
The PA to Principal Secretary, Higher Education Department